Malayala Manorama

15 August 2018

Pamba: Kerala flood, pampa over flow to the paddy field, sabarimala opened

കരകയറാനാകാതെ കേരളം

■ ദുരിതപ്പെയ്ത്തിനൊപ്പം നിറയുന്ന ആശങ്കയും

അണക്കെട്ടുകൾ നിറഞ്ഞു; നദികൾ കരകവിഞ്ഞു; മലയോരമേഖലകളിൽ പലയിടത്തും മണ്ണിടിഞ്ഞു. മിക്ക ജില്ലകളിലും സ്ഥിതി അതിരൂക്ഷമായി തുടരുകയാണ്. ദുരിതത്തിനപ്പുറം ഇനി ഇതെങ്ങോട്ട് എന്ന ആശങ്കയിലാണു ജനം.

ഇടുക്കി ജില്ലയിൽ വ്യാപക മണ്ണിടിച്ചിലിനെത്തുടർന്നു ഗതാഗതം തടസ്സപ്പെട്ടു. അനേകം വീടുകളും വ്യാപാര സ്ഥാപനങ്ങളും തകർന്നു. ഹൈറേഞ്ചിലാണു കൂടുതൽ നാശനഷ്ടം. കൊച്ചി - ധനുഷ്കോടി ദേശീയപാതയിൽ അടിമാലി മുതൽ മൂന്നാർ വരെ മണ്ണിടിഞ്ഞു തടസ്സമുണ്ട്.

വയനാട് ജില്ലയിൽ ഇന്നലെയും കനത്ത മഴ പെയ്തു. ചെമ്പ്രമലയിലും കഴിഞ്ഞ ദിവസം ഉരുൾപൊട്ടലുണ്ടായ മാനന്തവാടി മക്കിമല, പൊഴുതന കുറിച്യർമല എന്നിവിടങ്ങളിലും ഇന്നലെ വീണ്ടും ഉരുൾപൊട്ടി. ബാണാസുരസാഗർ അണക്കെട്ടിന്റെ ഷട്ടറുകൾ 2.30 മീറ്റർ ഉയർത്തി. കർണാടകയിലെ ബീച്ചനഹള്ളി അണക്കെട്ടും തുറന്നു. വയനാട്ടിൽ നിലവിൽ 132 ദുരിതാശ്വാസ ക്യാംപുകളിലായി 16,333 പേർ കഴിയുന്നു. ഉരുൾപൊട്ടൽ ഭീതിയിലായ പൊഴുതന പഞ്ചായത്തിലെ വലിയ പാറ ഗവ. എൽപി സ്കൂളിലെ ദുരിതാശ്വാസ ക്യാംപിൽനിന്നു നൂറോളംപേർ ഒഴിഞ്ഞുപോയി. പലതവണ ഉരുൾപൊട്ടിയ കുറിച്യർമലയുടെ താഴ്‌വാരത്താണ് ഈ ക്യാംപ്.

മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ആഢ്യൻപാറ, വെറ്റിലക്കൊല്ലി ഭാഗങ്ങളിൽ ഇന്നലെ വീണ്ടും ഉരുൾപൊട്ടി. ആളപായമില്ല. ഒരാഴ്ചയ്ക്കിടെ ആറാം തവണയാണു മേഖലയിൽ ഉരുൾപൊട്ടുന്നത്. അപകട ഭീഷണിയെത്തുടർന്ന് ആഢ്യൻപാറ ജലവൈദ്യുത നിലയത്തിൽനിന്നു മുഴുവൻ ജീവനക്കാരെയും പിൻവലിച്ചു. നാടുകാണി ചുരത്തിൽ തകരപ്പാടിയിൽ മണ്ണിടിഞ്ഞു ഗതാഗതം മുടങ്ങി. എടക്കര മുണ്ടേരിയിൽ കൃഷിവകുപ്പിന്റെ വിത്തുകൃഷിത്തോട്ടം മലവെള്ളപ്പാച്ചിലിൽ മുങ്ങി. തോട്ടത്തിൽ ഒറ്റപ്പെട്ട 70 തൊഴിലാളികളെ അഗ്നിശമനസേന രക്ഷിച്ചു. ഭാരതപ്പുഴയിൽ ജലനിരപ്പ് ഉയർന്നതോടെ പൊന്നാനി താലൂക്കിലെ താഴ്ന്ന പ്രദേശങ്ങളിലുള്ളവർക്കു ജാഗ്രതാനിർദേശം നൽകി.

പമ്പ നീന്തിക്കടന്ന് നെൽക്കതിർ എത്തിച്ചു; നിറപുത്തരി ആഘോഷത്തിനായി ശബരിമല നട തുറന്നു

പത്തനംതിട്ട ● കക്കി- ആനത്തോട്, പമ്പ അണക്കെട്ടുകൾ തുറന്നിരിക്കുന്നതിനാൽ പമ്പയിലെ ജലനിരപ്പ് ഉയർന്നു തന്നെ.

വെള്ളപ്പൊക്കം കാരണം പമ്പ ത്രിവേണിയിലെ രണ്ടു പാലങ്ങൾ പൂർണമായി മുങ്ങി. മണൽപ്പുറത്തെ നടപ്പന്തൽ രാത്രി പത്തുമണിയോടെ ഒലിച്ചുപോയിഅരനൂറ്റാണ്ടിനുള്ളിലെ ഏറ്റവും വലിയ വെള്ളപ്പൊക്കമാണിത്.

തന്ത്രി കണ്ഠർ മഹേഷ് മോഹനർ വണ്ടിപ്പെരിയാർ വള്ളക്കടവ് വഴി കാട്ടിലൂടെ സന്നിധാനത്തേക്കു പുറപ്പെട്ടു. പമ്പമുറിച്ചു കടന്ന് തന്ത്രിയെയും സംഘത്തെയും സന്നിധാനത്ത് എത്തിക്കാൻ അഗ്നിശമന സേനയും പൊലീസും ആദ്യം ആലോചിച്ചെങ്കിലും കുത്തൊഴുക്ക് കണക്കിലെടുത്ത് ഉപേക്ഷിച്ചു.

പടങ്ങ് മുടങ്ങാതിരിക്കാൻ നാലു യുവാക്കൾ പ്രളയജലത്തിലൂടെ നീന്തിക്കടന്ന് നെൽക്കതിർ പമ്പയുടെ മറുകരയിലെത്തിച്ചു.

നിറപുത്തരി ആഘോഷത്തിനായി അയ്യപ്പക്ഷേത്രനട തന്ത്രിയില്ലാതെ തുറന്നു. കാർഷിക സമൃദ്ധിക്കായുള്ള നിറപുത്തരി പൂജ ഇന്നു രാവിലെ ആറിനും 6.30നും മധ്യേയാണ്.

വെള്ളപ്പൊക്കം കാരണം പമ്പയിൽ ഭക്ഷണത്തിനും വെള്ളത്തിനും ക്ഷാമം ഉണ്ട്. പമ്പയിലെത്തിയ അയ്യപ്പഭക്തരെ അധികൃതർ ഇന്നലെ തിരിച്ചയച്ചു.

കണ്ണൂർ ജില്ലയിൽ കനത്ത മഴയും കാറ്റും തുടരുകയാണ്. കൊട്ടിയൂർ, ഇരിട്ടി മേഖലകളിൽ ആറിടത്ത് ഉരുൾപൊട്ടി. വയനാട്ടിലേക്കുള്ള പാൽചുരം റോഡ് മണ്ണിടിഞ്ഞു ഗതാഗതം തടസ്സപ്പെട്ടു. പത്തു വീടുകൾ തകർന്നു. ഇന്നലെ രാവിലെ നിർത്തിയ ഏതാനും ദുരിതാശ്വാസ ക്യാംപുകൾ വൈകിട്ടു വീണ്ടും തുറന്നു.

കനത്ത മഴയെത്തുടർന്നു പാലക്കാട് നഗരത്തിന്റെ പല ഭാഗങ്ങളും വെള്ളത്തിലാണ്. മലമ്പുഴയ്ക്കു പുറമേ വാളയാർ അണക്കെട്ടും തുറന്നതോടെ കൽപാത്തിപ്പുഴയിൽ വെള്ളം ഉയർന്നതാണു കാരണം. 14 ക്യാംപുകളിലായി 2064 പേരെ മാറ്റിപ്പാർപ്പിച്ചിരിക്കുകയാണ്. ഇന്നലെ മൂന്നു ക്യാംപുകൾ പുതുതായി തുറന്നു. തമിഴ്നാട്ടിൽ ആളിയാർ ഡാമിന്റെ ഷട്ടറുകൾ കൂടുതൽ ഉയർത്തിയതോടെ ചിറ്റൂർപ്പുഴയിലും ഭാരതപ്പുഴയിലും ജലനിരപ്പ് പിന്നെയും ഉയർന്നു. ചാലക്കുടിപ്പുഴയിൽ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ പറമ്പിക്കുളം അണക്കെട്ടിൽനിന്നു ചാലക്കുടിപ്പുഴയിലേക്കുള്ള ജലമൊഴുക്ക് മൂന്നു മണിക്കൂർ നിയന്ത്രിച്ചു.

ഇടുക്കി, ഇടമലയാർ അണക്കെട്ടുകളിൽനിന്നു പുറന്തള്ളുന്ന വെള്ളത്തിനു പുറമേ കിഴക്കൻ വനമേഖലയിലെ കനത്ത മഴകൂടി ചേർന്നതോടെ പെരിയാറിലെ ജലവിതാനം ക്രമാതീതമായി ഉയർന്നു. ഭൂതത്താൻകെട്ടിൽ ജലനിരപ്പ് രണ്ടു മീറ്ററിലേറെ ഉയർന്നു. മുല്ലപ്പെരിയാർ തുറക്കാനുള്ള സാധ്യത കണക്കിലെടുത്ത് പെരിയാർ തീരത്തുനിന്നു ജനങ്ങളെ രാത്രിതന്നെ മാറ്റിത്തുടങ്ങി.

കോഴിക്കോട് ജില്ലയിൽ മലയോരമേഖലയിൽ വ്യാപകമായി ഉരുൾപൊട്ടി. കക്കയം ഡാംസൈറ്റ് റോഡിൽ രണ്ടിടത്ത് ഉരുൾപൊട്ടിഗതാഗതം മുടങ്ങി. ഡാമിലെ ഒൻപത് കെഎസ്ഇബി ജീവനക്കാരെ രക്ഷപ്പെടുത്തി. പുല്ലൂരാംപാറയിൽ പുഴ ഗതിമാറിയൊഴുകി. കോഴിക്കോട് - ബെംഗളൂരു ദേശീയപാതയിൽ നാലു മണിക്കൂറോളം ഗതാഗത തടസ്സം നേരിട്ടു.

■ ഏകോപനത്തിന് പുതിയ വെബ്സൈറ്റ്

തിരുവനന്തപുരം ● ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാരിന്റെ ഓൺലൈൻസംവിധാനം നിലവിൽ വന്നു. കേരള റെസ്ക്യൂ(www.keralarescue.in) എന്ന പേരിലാണു പുതിയ വെബ്സൈറ്റ് ആരംഭിച്ചത്. ദുരിതബാധിതർ, അധികൃതർ, സഹായം നൽകാൻ ആഗ്രഹിക്കുന്നവർ തുടങ്ങിയവരെ ഒരു ചരടിൽ കോർക്കുകയാണു ലക്ഷ്യം. ഐടി മിഷന്റെയും ഐഇഇഇ(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനിയേഴ്സ്)യുടെയും പങ്കാളിത്തതോടെയാണു പദ്ധതി.